**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 371** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് നയം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും മത്സ്യ ലഭ്യതയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും സഹായിക്കുന്ന ഫിഷറീസ് നയം സംസ്ഥാനത്താകമാനം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. 2019 -ൽ സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിച്ച സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പാക്കി മത്സ്യ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിച്ച് കർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുന്നതിനും മത്സ്യ തൊഴിലാളികളുടെ ആളോഹരി വരുമാനം പൊതുസമൂഹത്തിന് ഒപ്പമെത്തിക്കുന്നതിനും ഉതകുന്ന പോളിസി ഘടകങ്ങൾ ആണ് നടപ്പിലാക്കി വരുന്നത്.<br><br>2019 -ൽ അംഗീകരിച്ച ഫിഷറീസ് നയം കാലോചിതമായി പരിഷ്കരിക്കാൻ ഫിഷറീസ് സെക്രട്ടറി ചെയർമാനും ഡോ.ദിനേശ് ചെറുവാട്ട് കൺവീനറുമായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യങ്ങളുടെ ചൂഷണരഹിതമായ വ്യാപാരം ഉറപ്പാക്കാൻ വേണ്ടി നിർമ്മിച്ച നിയമവും ചട്ടങ്ങളും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നിയമം 2021- ലെ 16 -ാം ആക്ട് ആയി കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. നിയമം നടപ്പാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് മത്സ്യത്തൊഴിലാളി പ്രതിനിധികളും, മത്സ്യഫെഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവരെല്ലാവരുമായും വിവിധ ഘട്ടങ്ങളിൽ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ഫിഷറീസ് നയം നടപ്പിലാക്കുന്നതിനു മുമ്പായി വിവിധ വിഭാഗം മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഫിഷറീസ് നയം പരിഷ്കരിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സമിതി മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. കരട് അന്തിമമാക്കുന്നതിന് മുൻപായി മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി വീണ്ടും കൂടിയാലോചനകൾ നടത്തുന്നതാണ്. |
| (ഡി) | പ്രസ്തുത നയം നടപ്പിലാക്കുമ്പോൾ മത്സ്യ വ്യാപാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | മത്സ്യ വ്യാപാരികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധത്തിൽ ഫിഷറീസ് നയം പരിഷ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ